കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വാത്തിക്കുടി ഗ്രാമപഞ്ചായത്ത് - പഠനം പൂർത്തിയാക്കിയതും എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടതുമായ വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.830/2018/തസ്വഭവ | തിരുവനന്തപുരം, തീയതി, 27.03.2018

വായന :- 1. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2018-ലെ A2/71/18-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.31

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ 2016-17 വർഷം പ്രോജക്ട് തയ്യാറാക്കിയെങ്കിലും നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും ഈ വർഷം സ്പിൽ ഓവറായി തുടരുന്നുവെന്നും ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട ചില വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയെന്നും അവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.31 നമ്പർ തീരുമാനപ്രകാരം പഠനം പൂർത്തിയാക്കിയതും എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടതുമായ വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് നൽകാൻ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം<br>
എൻ. വിശ്രുതൻ ആചാരി<br>
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി<br>
പ്രസിഡണ്ട്, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് , ഇടുക്കി<br>
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം<br>
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം<br>
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം<br>
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം<br>
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്<br>
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്<br>
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം<br>
സെക്ഷൻ ഓഫീസർ